**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 452** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ഇനത്തിൽ ചെലവായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ആകെ എത്ര പങ്കാളിത്ത പെൻഷൻ ജീവനക്കാരുണ്ട്; നാളിതുവരെ സംസ്ഥാനത്തുനിന്ന് എത്ര തുക എൻ.പി.എസ്. ട്രസ്റ്റിന് കൈമാറിയിട്ടുണ്ട്; കമ്മീഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്; | (എ) | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2021 ആഗസ്റ്റ് 31 വരെ, 1,42,172 സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്ത് ആകെ 3923.38 കോടി രൂപ 31.08.2021 വരെ പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കമ്മീഷൻ ഇനത്തിൽ സർക്കാർ തുക നൽകുന്നില്ല |
| (ബി) | 2021 ജനുവരി, ജൂൺ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകാൻ എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ; | (ബി) | 2021 ജനുവരി മാസത്തിൽ 689.72 കോടി രൂപയും 2021 ജൂൺ മാസത്തിൽ 855.70 കോടി രൂപയും (isoft പ്രകാരം) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇനത്തിൽ ചെലവായിട്ടുണ്ട് |
| (സി) | പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് 2020-21 സാമ്പത്തിക വർഷം ആകെ എത്ര രൂപ ചെലവായി;മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും പെൻഷൻ, പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ, കേരള സർവ്വീസ് പെൻഷൻ, എയ്ഡഡ് സ്ഥാപനങ്ങളിലെ പെൻഷൻ, കുടുംബ പെൻഷൻ, മറ്റു പെൻഷനുകൾ എന്നിങ്ങനെ ഇനം തിരിച്ചു വ്യക്തമാക്കാമോ? | (സി) | മന്ത്രിമാർക്ക് പ്രത്യേകമായി പെൻഷൻ ഇല്ല. നിയമസഭാ അംഗം എന്ന നിലക്കുള്ള പെൻഷൻ ആണ് അവർക്കും ലഭിക്കുന്നത്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:- |

സെക്ഷൻ ഓഫീസർ

(തുക കോടിയിൽ)

| ശീർഷകം | ആകെ ചെലവായതുക (AG-യുടെ FINAL ACCOUNTS പ്രകാരം) |
|---|---|
| പെൻഷൻ ഇനം ( 2071) | 18945.58 |
| സംസ്ഥാന നിയമസഭാ അംഗങ്ങൾക്കുള്ള പെൻഷൻ<br><br>2071-01-101-97 (NV) | 11.99 |
| പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ (മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫ്)<br>2071-01-101-97 | 6.03 |
| കേരള സർവ്വീസ് പെൻഷൻ (സ്റ്റാറ്റ്യൂട്ടറി പെൻഷൻ + NPS-നുള്ള സർക്കാർ വിഹിതം)<br>2071-01-101-99 &<br>2071-01-117-97 | 8636.8 |
| എയ്ഡഡ് സ്ഥാപനങ്ങളിലെ പെൻഷൻ<br>2071-01-109-99 | 3209.68 |
| കുടുംബ പെൻഷൻ<br>2071-01-105-99 | 2226.7 |
| മറ്റു പെൻഷനുകൾ<br>2071-(all other items) | 4854.38 |